# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 592
07.01.2014- ലെ മറുപടിക്ക്

**മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ചെലവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ബഹു: ധനവകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ നിയമപരമായ സാധുത വിശദീകരിക്കാമോ; പ്രസ്തുത പരിപാടിക്ക് സർക്കാർ നൽകിയ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | പൊതുജനങ്ങളുടെ പരാതികളും ആവശ്യങ്ങളും മുഖ്യമന്ത്രി നേരിട്ട് കേൾക്കുകയും അവയ്ക്ക് പരിഹാരം കാണുകയും ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനമാണ് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി. ഇത് സർക്കാരിന്റെ സാധാരണ നടപടിക്രമങ്ങളുടെ ഭാഗമാണ്. ഇതിന് പ്രത്യേക ഭരണാനുമതി നൽകേണ്ട ആവശ്യമില്ല. |
| (ബി) പ്രസ്തുത പരിപാടി 14 ജില്ലയിലും സംഘടിപ്പിക്കുന്നതിൽ എന്ത് തുക ചെലവ് പ്രതീക്ഷിക്കുകയുണ്ടായെന്നും പ്രസ്തുത തുക ഏത് ഹെഡ്ഡിലാണ് വകയിരുത്തിയിട്ടുള്ളതെന്നും വെളിപ്പെടുത്താമോ; | മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടി സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ 2053-00-093-ജില്ലാ ഭരണകൂടങ്ങൾ-34 അദർ ചാർജ്ജസ് (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽനിന്നാണ് വഹിക്കുന്നത്. |
| (സി) തന്നാണ്ടിലെ ബഡ്ജറ്റിൽ ഇതിനായി പ്രത്യേക ഫണ്ട് വകയിരുത്തപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര; ജനസമ്പർക്ക പരിപാടിക്ക് വേണ്ടി ഖജനാവിൽനിന്നും ഏതെല്ലാം ഹെഡിലുള്ള എന്ത് തുക വീതം ചെലവഴിക്കുകയുണ്ടായി; ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം നൽകുന്നതിന് പ്രസ്തുത ഹെഡിൽ വകയിരുത്തപ്പെട്ട മൊത്തം തുകയുടെ എത്ര ശതമാനം ജനസമ്പർക്ക പരിപാടി വേളയിൽ ചെലവഴിക്കുകയുണ്ടായി; വിശദമാക്കാമോ; | ഈ വർഷം മേൽ ശീർഷകത്തിൽ 30 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിനു പുറമേ ഈ പരിപാടിയുടെ കമ്പ്യൂട്ടർ വൽക്കരണത്തിനും വീഡിയോ ഡോക്കുമെന്റേഷനുംവേണ്ടി 97 ലക്ഷം രൂപ 2052-00-090-67 എന്ന ശീർഷകത്തിലും അനുവദിച്ചിട്ടുണ്ട്. ഈ വർഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സർക്കാർ വിഹിതമായി ആകെ 98 കോടി രൂപയാണ് ലഭിച്ചത്. അതിൽ 95,23,13,057/- രൂപ (തൊണ്ണൂറ്റിയഞ്ച് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി പതിമൂന്നായിരത്തി അൻപത്തിയേഴ് രൂപ മാത്രം) ജില്ലാ കളക്ടർമാർക്ക് ധനസഹായവിതരണത്തിനായി അനുവദിച്ചതിൽ 36,35,05,000/-രൂപ (മുപ്പത്തിയാറ് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അയ്യായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ഉത്തരവിൻ പ്രകാരം ജനസമ്പർക്ക പരിപാടിയിൽ ധനസഹായം വിതരണം ചെയ്യുന്നതിന് അനുവദിച്ചതാണ്. 2013-ലെ ജനസമ്പർക്ക പരിപാടിക്ക് ജില്ലതിരിച്ച് വിതരണം ചെയ്ത തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# CMDRF - MCP 2013 Allotment details

| Sl. No. | District | Amount allotted |
|---|---|---|
| 1 | Thiruvananthapuram | 2,00,00,000 |
| 2 | Kollam | 3,25,00,000 |
| 3 | Pathanamthitta | 4,35,05,000 |
| 4 | Alappuzha | 2,50,00,000 |
| 5 | Kottayam | 1,75,00,000 |
| 6 | Idukki | 3,50,00,000 |
| 7 | Ernakulam | 50,00,000 |
| 8 | Thrissur | 2,00,00,000 |
| 9 | Palakkad | 2,50,00,000 |
| 10 | Malappuram | 3,00,00,000 |
| 11 | Kozhikode | 2,50,00,000 |
| 12 | Kannur | 3,00,00,000 |
| 13 | Wayanad | 2,50,00,000 |
| 14 | Kasaragod | 3,00,00,000 |
| | **Total** | **36,35,05,000** |

Section Officer